# കേരളീയം

# നർമ്മദാ താഴ്‌വരയിലെ ജനങ്ങളുടെ പ്രതിജ്ഞ



നർമദയുടെ താഴ്‌വരയിൽ തലമുറകളായി ജീവിക്കുന്നവരാണ് ഞങ്ങൾ. മണ്ണും വെള്ളവും കാടും ഉൾപ്പെടുന്ന സാകല്യവുമായുള്ള ലയമാണ് ഞങ്ങൾക്ക് ജീവിതം. മരണകൂടമാകട്ടെ, ഞങ്ങളുടെ സംസ്കൃതിയുടെ പ്രാകൃതിക വിഭവങ്ങൾ നശിപ്പിക്കുക വഴി 'ജീവിക്കാനുള്ള ഞങ്ങളുടെ അവകാശമാണ് ചവിട്ടിമെതിക്കുന്നത്. സർദാർ സരോവർ അണക്കെട്ട് ഞങ്ങളെ വേരോടെ പിഴുത് വലിച്ചെറിയാനുള്ള ശ്രമമാണെന്ന് ഞങ്ങൾ തിരിച്ചറിയുന്നു.

ഞങ്ങൾ ലോകബാങ്കിനെ ഈ പദ്ധതിയുടെ അമരത്തുനിന്ന് ഇറക്കിവിട്ടു... ഞങ്ങളീ നാടിന്റെ ഉണർത്തുപാട്ടായി... അവസാനം നാലുകൊല്ലത്തോളം ഈ അണക്കെട്ടിന്റെ നിർമാണം നിർത്തിവയ്പിക്കുന്നതിൽ വിജയിക്കുകയും ചെയ്തു.

അണക്കെട്ടിന്റെ ഉയരം കൂട്ടാൻ അനുമതി നല്കുന്ന സുപ്രീംകോടതി വിധി ഞങ്ങളുടെ വീടും പാടവും നാടും മുക്കിക്കളയുന്ന, ജീവിതം തന്നെ ഞങ്ങളിൽനിന്ന് തട്ടിപ്പറിക്കുന്ന അനീതിയും അന്യായവുമാണ്.

ഞങ്ങളീ അനീതി സഹിക്കില്ല. ജീവിതം ഞങ്ങളിവിടെ ഉപേക്ഷിച്ചുപോകില്ല. ഉയർന്നുവരുന്ന ജലനിരപ്പ്, നീതികേട്, ഞങ്ങൾ ധൈര്യപൂർവം നേരിടും. ഉണർന്നെഴുന്നേല്ക്കാൻ ഞങ്ങളീ ജനതയോട് ആവശ്യപ്പെടുന്നു. ഈ പോരാട്ടം മറ്റു നദീതടങ്ങളെയും സംരക്ഷിക്കാനും നീതി ഉറപ്പുവരുത്താനും വിഭവങ്ങളുടെ മേൽ ജനങ്ങളുടെ അധികാരം നേടിയെടുക്കാനുംകൂടി വേണ്ടിയുള്ളതാണ്.

ഞങ്ങളീ മണ്ണിൽനിന്ന് നീങ്ങുകയില്ല. ഒരിക്കലും പിന്തിരിയില്ല. ജലം ഞങ്ങൾക്കു മേൽ വന്നൊഴുകി നിറഞ്ഞാലും പിന്നോട്ടൊരടിപോലും വയ്ക്കില്ല.

മുഴുവൻ ശക്തിയോടെയും വിശ്വാസത്തോടെയും ഞങ്ങൾ പൊരുതും. അന്തിമവിജയം ഞങ്ങളുടേതായിരിക്കും.